"ഭരണഭാഷ - മാതൃഭാഷ"

നം:-വൈ.1/15473/2026/DGE

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം.
തീയതി : 29-10-2026

പ്രസിദ്ധീകരണത്തിന്

ക്വട്ടേഷൻ നോട്ടിസ്

വിഷയം:- പൊതുവിദ്യാഭ്യാസം - കേരള സ്കൂൾ ശാസ്ത്രോൽസവം 2026-27
സിസിടിവി/വീഡിയോ കവറേജ് - ക്വട്ടേഷൻ ക്ഷണിക്കുന്നത്- സംബന്ധിച്ച്

പൊതു വിദ്യാഭ്യാസ വകുപ്പ് സംഘടിപ്പിക്കുന്ന കേരള സ്കൂൾ ശാസ്ത്രോൽസവം 2026-27 പാലക്കാട് ജില്ലയിലെ മണ്ണാർക്കാട് 5 പ്രധാന വേദികളിലായി 2026 നവംബർ 18 മുതൽ 21 വരെയുള്ള തീയതികളിൽ നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത ശാസ്ത്രോത്സവത്തിന്റെ സുരക്ഷാക്രമീകരണത്തിന്റെ ഭാഗമായി സി.സി.റ്റി.വി ക്യാമറകൾ എല്ലാ വേദികളിലും, ഭക്ഷണ പന്തൽ ഉൾപ്പടെ മത്സരാർത്ഥികൾ കൂടുതൽ ഉണ്ടാകുന്ന സ്ഥലങ്ങളിലും സ്ഥാപിക്കുവാനും, വേദികളിൽ നടക്കുന്ന മത്സരങ്ങൾ വീഡിയോ കവറേജ് ചെയ്യ ആവശ്യാനുസരണം ഇനം തിരിച്ച ലഭ്യമാക്കുന്നതിനും താല്പര്യമുള്ള അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും ചുവടെ സൂചിപ്പിക്കുന്ന തരത്തിലുള്ള "Configuration" നോട് കൂടിയ മത്സരാധിഷ്ഠിതമായ ദർഘാസുകൾ ക്ഷണിക്കുന്നു

1) C.C.T.V

125 HD Night Vision Cameras 50 Nos
24 hrs. Monitoring
Online View
DVR, SMPS, LED Monitors and connection as per requirements

2) വീഡിയോ കവറേജ്

1. കേരള സ്കൂൾ ശാസ്ത്രോൽസവവുമായി ബന്ധപ്പെട്ട് വിവിധ വേദികളിലായി നടക്കുന്ന മത്സര ഇനങ്ങൾ വീഡിയോ കവറേജ് ചെയ്യേണ്ടതാണ്. അപ്രകാരം തയ്യാറാക്കുന്ന ഫയലുകൾ ജനറൽ കൺവീനർ ആവശ്യപ്പെടുന്ന ക്രമത്തിൽ സി.ഡി.കൾ-പെൻ ഡ്രൈവ് മുഖേന ലഭ്യമാക്കേണ്ടതുമാണ്.
2. വീഡിയോ കവറേജ് ചെയ്യുന്നതിന് ആവശ്യമായ ജനറേറ്റർ, മറ്റ് ഇലക്ട്രിക് ഇലക്ട്രോണിക് ഉപകരണങ്ങൾ എന്നിവ ഏജൻസി സ്വയം തയ്യാറാക്കേണ്ടതാണ്.
6. വിഡിയോ കവറേജ് ജോലിയിൽ ഏർപ്പെടുന്നവരെപ്പറ്റിയുള്ള വിശദമായ വിവരങ്ങൾ മേള തുടങ്ങുന്നതിന് 10 ദിവസം മുമ്പ് മേളയുടെ ജനറൽ കൺവീനർ ആയ പൊതുവിദ്യാഭ്യാസ അഡിഷണൽ ഡയറക്ടർ (അക്കാദമിക്) നെ ഏൽപ്പിക്കേണ്ടതാണ്. ഇവർക്ക് പ്രത്യേക ഐഡൻറിഫിക്കേഷൻ കാർഡ് നൽകുന്നതാണ്. ശാസ്ത്രോത്സവത്തിന്റെ നടത്തിപ്പിന് യാതൊരു

തടസ്സവും ഏർപ്പെടുത്താതെ വീഡിയോ കവറേജ് ചെയ്യേണ്ടതാണ്

3. വീഡിയോ കവറേജ് ഏറ്റെടുക്കുന്ന ഏജൻസി, അപരിചിതരായവരെയോ, മറ്റേതെങ്കിലും തരത്തിൽ കുറ്റകരമായ വാസനയുള്ളവരെയോ ജോലി ഏൽപ്പിക്കുവാൻ പാടുള്ളതല്ല.

4. മുകളിൽ സൂചിപ്പിച്ച നിബന്ധനകൾക്കു പുറമേ ഏതെങ്കിലും നിബന്ധനകൾ പുതിയതായി ഏർപ്പെടുത്തുവാനോ, അല്ലെങ്കിൽ പരിപൂർണ്ണമായോ, ഭാഗികമായോ വീഡിയോ കവറേജ് പരിപാടി നിർത്തിവയ്ക്കുവാനോ, അല്ലെങ്കിൽ ശാസ്ത്രോത്സവം തുടങ്ങിയശേഷം വേണ്ടെന്ന് വെയ്ക്കുവാനോ ഉള്ള പൂർണ അധികാരം ജനറൽ കൺവീനറിൽ നിക്ഷിപ്തമാണ്.

മേൽപറഞ്ഞ നിബന്ധനകൾക്ക് വിധേയമായി, ക്വട്ടേഷൻ സമർപ്പിക്കുവാൻ താല്പര്യം ഉള്ള വ്യക്തികൾ /സ്ഥാപനങ്ങൾ **2026 നവംബർ 5** ന് വൈകുന്നരം 5 മണിക്ക് മുമ്പായി **പൊതുവിദ്യാഭ്യാസ അഡിഷണൽ ഡയറക്ടർ (അക്കാദമിക്), പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം, ജഗതി തിരുവനന്തപുരം-14** എന്ന വിലാസത്തിൽ നേരിട്ടോ, തപാൽ മുഖേനയോ സമർപ്പിക്കേണ്ടതാണ്. 2026 **നവംബർ 6-ന്** വൈകിട്ട് 3 മണിക്ക് ക്വട്ടേഷൻ തുറക്കുന്നതും ഏറ്റവും ഉചിതമായത് സ്വീകരിക്കുന്നതുമായിരിക്കും.

Digitally signed by
Santhosh C A
Date: 29-10-2026
10:53:14

പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി